പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 3458

18.02.2013 ൽ മറുപടിയ്ക്ക്

## പഞ്ചായത്തുകളിൽ പദ്ധതികൾ ഓൺലൈനിൽ സമർപ്പിക്കുന്ന സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. റ്റി. ജോർജ്ജ്<br>ശ്രീ. കെ. മുരളീധരൻ<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. ലൂഡി ലൂയിസ് | ഡോ. എം.കെ. മുനീർ<br>(ബഹു: പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) പഞ്ചായത്തുകളിൽ പദ്ധതികൾ ഓൺലൈനിൽ സമർപ്പിക്കുന്ന സംവിധാനത്തിന് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | എ) ഉണ്ട്. ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ചെടുത്തിട്ടുള്ള വെബ് അധിഷ്ഠിത സുലേഖ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് 12-ാം പഞ്ചവത്സര പദ്ധതി മുതൽ സംസ്ഥാനത്തെ എല്ലാ ത്രിതല പഞ്ചായത്തുകളും വാർഷിക പദ്ധതി പ്രോജക്ടുകൾ ഓൺലൈൻ വഴി രൂപീകരിച്ച് മോണിട്ടർ ചെയ്ത് വരികയാണ്. www.plan.lsgkerala.gov.in എന്ന വെബ് സൈറ്റിലൂടെ, നിർവ്വഹണ ഉദ്യോഗസ്ഥർ രൂപീകരിക്കുന്ന പ്രോജക്ടുകൾ അംഗീകാരത്തിനായി മേലുദ്യോഗസ്ഥർക്ക് ഓൺലൈനായി സമർപ്പിക്കുന്നതിനും, ഓൺലൈനായി തന്നെ അവ പരിശോധിച്ച് അംഗീകരിക്കുന്നതിനുമുള്ള സൗകര്യം സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രോജക്ടുകളുടെ അംഗീകാരം പൂർണ്ണമായിക്കഴിഞ്ഞാൽ പഞ്ചായത്തുകൾക്ക് അവരുടെ വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതിക്ക് ഓൺലൈനായി സമർപ്പിച്ച് അംഗീകാരം വാങ്ങാവുന്നതാണ്. മേലുദ്യോഗസ്ഥൻമാർക്ക് ഈ പ്രവർത്തനങ്ങളുടെ പുരോഗതി തത്സമയം പരിശോധിക്കുന്നതിനും അവലോകനം ചെയ്യുന്നതിനുമുള്ള സൗകര്യവും ലഭ്യമാണ്. |

| | |
|---|---|
| ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം; | ബി) പദ്ധതി രൂപീകരണം, അംഗീകാരം എന്നിവ ഓൺലൈനായി നടക്കുന്നതു വഴി പദ്ധതി ആസൂത്രണത്തിൽ കൂടുതൽ സുതാര്യതയും, പൊതുജന പങ്കാളിത്തവുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഓരോ നിർവ്വഹണ ഉദ്യോഗസ്ഥനും **www.plan.lsgkerala.gov.in** എന്ന വെബ് സൈറ്റിലൂടെ തയ്യാറാക്കുന്ന പ്രോജക്ടുകൾ, തത്സമയം തന്നെ അതാത് പഞ്ചായത്ത് സെക്രട്ടറിമാർക്ക് വിലയിരുത്തുന്നതിനും, പരിശോധിക്കുന്നതിനും സാധിക്കുന്നു. ഇത് പദ്ധതി മോണിറ്ററിംഗ് കൂടുതൽ കാര്യക്ഷമമാക്കുന്നു. നിർവ്വഹണ ഉദ്യോഗസ്ഥർക്കും അംഗീകാര ഉദ്യോഗസ്ഥർക്കും അവരവർക്ക് അനുവദിച്ചിട്ടുള്ള യൂസർ നെയിം, പാസ്‌വേർഡ് എന്നിവ ഉപയോഗിച്ച് **24*7** നേരവും ഓഫീസിൽ നിന്നും വീട്ടിൽ നിന്നും അല്ലെങ്കിൽ ഇന്റർനെറ്റ് സൗകര്യമുള്ള ഏത് സ്ഥലത്ത് നിന്നും വെബ്സൈറ്റിൽ പ്രവേശിച്ച് അവർക്ക് അനുവദിച്ചിട്ടുള്ള പ്രവർത്തനങ്ങൾ നിർവ്വഹിക്കാൻ കഴിയുന്നതാണ്. ഇത് പദ്ധതി പ്രവർത്തനങ്ങൾ കൂടുതൽ സുഗമമാക്കുന്നു. |
| സി) ഇതുവഴി എത്ര പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്; വിശദമാക്കുമോ; | **സി)** സംസ്ഥാനത്തെ 1144 ത്രിതല പഞ്ചായത്തുകളിൽ ഇതുവരെ 1143 പഞ്ചായത്തുകളുടെ 163748 പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചു കഴിഞ്ഞിട്ടുണ്ട്. ഇവയിൽ 1079 ത്രിതല പഞ്ചായത്തുകളുടെ 1.56 ലക്ഷം പ്രോജക്ടുകളും പദ്ധതി രേഖയും മറ്റ് അനുബന്ധങ്ങളും ഓൺലൈനായി ജില്ലാ ആസൂത്രണ സമിതിയ്ക്ക് സമർപ്പിക്കുകയും, ഇതിൽ 736 പഞ്ചായത്തുകളുടെ 1.13 ലക്ഷം പ്രോജക്ടുകൾക്ക് ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. |
| ഡി) ഇതിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | ഡി) 12-ാം പഞ്ചവത്സര പദ്ധതി ആസൂത്രണ മാർഗ്ഗരേഖയുടെയും, പ്രോജക്ട് രൂപീകരണ മാർഗ്ഗരേഖയുടെയും, സബ്സിഡി മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിൽ പന്ത്രണ്ടാം |

പഞ്ചവത്സര പദ്ധതി രൂപീകരണം, അംഗീകാരം എന്നിവ ഓൺലൈനായി നടപ്പിൽ വരുത്തുന്നതിന് വേണ്ടി വെബ് അധിഷ്ഠിതമായി പ്രവർത്തിപ്പിക്കാവുന്ന രീതിയിൽ "സുലേഖ" സോഫ്റ്റ്‌വെയർ വികസിപ്പിച്ച് സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും വിന്യസിപ്പിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. വെബ് സൈറ്റിൽ പ്രവേശിക്കുന്നതിനായി ആദ്യ ഘട്ടത്തിൽ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിക്കും, പദ്ധതി കൈകാര്യം ചെയ്യുന്ന ക്ലർക്കിനും യൂസർനെയിം (**Username**), പാസ്‌വേർഡ് (**Password**) എന്നിവ നൽകിയിട്ടുണ്ട്. തുടർന്ന് ഓൺലൈനായി പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് ഓരോ നിർവ്വഹണ ഉദ്യോഗസ്ഥരുടെയും വിവരങ്ങൾ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തുകയും വെബ്സൈറ്റ് പ്രവർത്തിപ്പിക്കുന്നതിനു വേണ്ട ഉപയോക്തൃനാമം, സുരക്ഷാപദം എന്നിവ സെറ്റ് ചെയ്ത് ലഭ്യമാക്കുകയും ചെയ്തു. ഓരോ നിർവ്വഹണ ഉദ്യോഗസ്ഥനും അവരവരുടെ ലോഗിനിൽ പ്രോജക്ടുകൾ തയ്യാറാക്കി കഴിഞ്ഞാൽ അവ പരിശോധിച്ച് അംഗീകരിക്കുന്നതിന് മേലുദ്യോഗസ്ഥർക്ക് ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള സൗകര്യം വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. മേലുദ്യോഗസ്ഥർക്ക് അവരവരുടെ ലോഗിനിൽ ലഭിക്കുന്ന പ്രോജക്ടുകൾ പരിശോധിച്ച് നടപടി എടുക്കാവുന്നതാണ്. അംഗീകരിച്ച പ്രോജക്ടുകളിൽ ഭേദഗതി ആവശ്യമുണ്ടെങ്കിൽ ഒറ്റത്തവണ ഭേദഗതി വരുത്തുന്നതിനുള്ള സൗകര്യവും ലഭ്യമാക്കിയിട്ടുണ്ട്. പഞ്ചായത്തുകളുടെ പ്രോജക്ടുകളുടെ അംഗീകാരം പൂർത്തിയായി കഴിഞ്ഞാൽ വാർഷിക പദ്ധതിയുടെ അംഗീകാരത്തിനായി ജില്ലാ ആസൂത്രണ സമിതിയ്ക്ക് ഓൺ ലൈനായി സമർപ്പിക്കുന്നതിനുള്ള സംവിധാനം വെബ്സൈറ്റിൽ ഒരുക്കിയിട്ടുണ്ട്. വാർഷിക പദ്ധതി അംഗീകാരത്തിനായി എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും

യൂസർനെയിം, പാസ്‌വേർഡ് എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. ഇവ ഉപയോഗിച്ച് ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്ക് പഞ്ചായത്തുകളുടെ വാർഷിക പദ്ധതി പരിശോധിച്ച് അംഗീകരിക്കാൻ സാധിക്കുന്നു. വാർഷിക പദ്ധതി രൂപീകരണം, അംഗീകാരം ബന്ധപ്പെട്ട സംശയനിവാരണത്തിനും സാങ്കേതിക സഹായം നൽകുന്നതിന് സംസ്ഥാന തല ഹെൽപ് ഡെസ്ക് ഇൻഫർമേഷൻ കേരള മിഷനിൽ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തുകളിൽ, ഉദ്യോഗസ്ഥർക്ക് വെബ്അധിഷ്ഠിത സുലേഖ സോഫ്റ്റ് വെയർ പ്രവർത്തിപ്പിക്കുന്നതിനുള്ള സാങ്കേതിക സഹായം നൽകുന്നതിനും ജില്ലാ പ്ലാനിംഗ് ഓഫീസുകളിൽ സാങ്കേതിക സഹായം നൽകുന്നതിനും ടെക്നിക്കൽ ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ട്. തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് പുറമെ സംസ്ഥാന ആസൂത്രണ ബോർഡ്, തദ്ദേശ സ്വയംഭരണ വകുപ്പ്,പഞ്ചായത്ത് ഡയറക്ടറേറ്റ്, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറേറ്റ്,ഗ്രാമ വികസന കമ്മീഷണറേറ്റ്, സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസ്,അക്കൗണ്ടന്റ് ജനറൽ ഓഫീസ്, ധനകാര്യ വകുപ്പ്, നഗര വികസന കാര്യാലയം തുടങ്ങി ഒട്ടേറെ സർക്കാർ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്ക് വെബ്സൈറ്റിൽ പ്രവേശിക്കുന്നതിനും വാർഷിക പദ്ധതി സ്ഥിതി വിവരം വിശകലനം ചെയ്യുന്നതിനുമായി യൂസർനെയിം, പാസ്‌വേർഡ് എന്നിവ ലഭ്യമാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ